




വിദേശമദ്യനിയമം- 39 അനുസരിച്ച് ഒരു പ്രദേശത്ത് ജനങ്ങൾ എതിർക്കുകയാണെങ്കിൽ അവിടെ യാതൊരു വിദേശമദ്യ ലൈസൻസുകളും അനുവദിക്കാൻ പാടില്ല എന്ന നിയമം പുറത്ത് കൊണ്ടുവന്ന് വിനിയോഗ തലത്തിലെത്തിച്ച മൂന്ന് വർഷം നീണ്ട സമരമുന്നേറ്റമാണ് ശാന്തിപുരത്ത് നടന്നത്

# ശാന്തിപുരം

# മദ്യവാഴ്ചക്കെതിരെ ജനകീയ ചെറുത്തുനിൽപ്പ്

ഈസാ ബിൻ അബ്ദുൾ കരീം

ഗ്രാമീണ ഗാർഹികമേഖലകളിൽ പോലും വിദേശമദ്യശാലകൾ നിർലോഭം അനുവദിച്ച് അദ്ധ്വാനിക്കുന്ന ജനസമൂഹത്തെയും ചിന്തിക്കുന്ന യുവതയേയും അടിമകളാക്കി മയക്കി കിടത്തുന്ന മദ്യവാഴ്ചക്കെതിരെ, നടന്ന സമര വിജയങ്ങളിലൊന്നാണ് ശാന്തിപുരത്തേത്.

മൂന്നര വർഷം നീണ്ട സത്യാഗ്രഹ സമരത്തിലൂടെ, മദ്യം നിയന്ത്രിക്കുന്നതിന് നിലവിലിരിക്കുകയും എന്നാൽ മദ്യമൊഴുക്കുന്നതിന് അധികാരി - അബ്കാരി അച്ചുതണ്ട് രഹസ്യമാക്കി വെക്കുകയും ചെയ്ത വിദേശമദ്യ നിയമത്തിന്റെ വിനിയോഗ തലങ്ങളെ ശാന്തിപുരം ജനത വിവരാവകാശ നിയമത്തിലൂടെ ഊതിപ്പൊലിപ്പിക്കുകയും സമരമുന്നേറ്റത്തിലൂടെ ഫയലുകളിലേക്ക് ആവാഹിപ്പിക്കുകയും ചെയ്യുകയായിരുന്നു.

വിദേശമദ്യനിയമം 39 അനുസരിച്ച് ഒരു പ്രദേശത്ത് ജനങ്ങൾ എതിർക്കുകയാണെങ്കിൽ അവിടെ യാതൊരു വിദേശമദ്യ ലൈസൻസുകളും അനുവദിക്കാൻ പാടില്ല.

1 മുതൽ 12 വരെയുള്ള വിദേശമദ്യലൈസൻസുകളിൽ യാതൊന്നിനും, പ്രാദേശികമായി മദ്യശാലയുടെ ആവശ്യം നീതീകരിക്കുവാൻ കഴിയുന്നില്ലെങ്കിൽ വിദേശമദ്യനിയമം 13 എ (1) അനുസരിച്ച് ലൈസൻസിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ശുപാർശ ചെയ്യുവാൻ പാടില്ല.

അബ്കാരി നിയമത്തിലും കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ നിയമത്തിലും സമാനമായ റൂളുകൾ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

റീട്ടെയ്ൽ ഷോപ്പിന്റെ പ്രാദേശികാവശ്യമല്ല, സ്റ്റാർ ഹോട്ടലിലെ ബാർ ലൈസൻസിനുള്ളത്. നോട്ടിഫൈഡ് ടൂറിസം സെന്ററുകളിൽ മാത്രമാണ് സ്റ്റാർ ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ അനുവദിക്കേണ്ടത്.

കേരളത്തിൽ നോട്ടിഫൈഡ് ടൂറിസം സെന്ററുകൾ കോവളം തുടങ്ങി ബേക്കൽ വരെ 9 എണ്ണം മാത്രമാണ്. 3 അന്താരാഷ്ട്ര വിമാനത്താവള പ്രദേശങ്ങളും നോട്ടിഫൈഡ് ടൂറിസം സെന്ററുകൾക്ക് സമാനമായി പരിഗണിയ്ക്കപ്പെടുന്നു.

എന്നിട്ടും ബാർഹോട്ടൽ നടത്തുന്നതിനു മാത്രമായി കേരളത്തിലുടനീളം എത്രയെത്ര സ്റ്റാർ പദവികളാണ് ടൂറിസം - എക്സൈസ് വകുപ്പുകൾ കൽപ്പിച്ചു നൽകിയതെന്നോർക്കുമ്പോഴാണ് വിദേശമദ്യനിയമത്തിന്റെ നിരന്തരമായ ലംഘനം കേരളത്തിലുടനീളം നടക്കുന്നതിലെ ഭീകരത കാണാൻ കഴിയുക.

വിദേശമദ്യനിയമം 13 എ (1) ഉം 39 ഉം ശാന്തിപുരത്തെ ജനങ്ങൾ ഉന്നയിച്ചു. അധികാരികൾ പ്രസ്തുത നിയമത്തിന് വിധേയരാകാൻ മൂന്നര വർഷം ജനങ്ങൾ സമരം ചെയ്തു. എന്നിട്ടും ഉന്നയിക്കപ്പെട്ട നിയമത്തെ വളച്ചൊടിക്കാൻ ശ്രമങ്ങളുണ്ടായി. പക്ഷേ വിവരാവകാശനിയമത്തിന്റെ ശക്തിയും ഒത്തുചേർന്നപ്പോൾ ശാന്തിപുരത്ത് മദ്യശാലക്ക് ലൈസൻസ് അനുവദിക്കുന്നത് നിയമസംഹിതയോടു തന്നെയുള്ള വെല്ലുവിളിയായി മാറുമെന്ന് പുതുതായെത്തിയ എക്സൈസ് കമ്മീഷണർക്കെങ്കിലും തോന്നി. അങ്ങനെ എക്സൈസ് കമ്മീഷണർ എസ് സുബ്ബയ്യ ശാന്തിപുരം കല്ലട റസിഡൻസിയുടെ ബാർ ലൈസൻസിനു നൽകിയ അപേക്ഷ നിരസിച്ചു.

മദ്യശാലക്ക് കെട്ടിടം നിർമ്മിക്കാനൊരുങ്ങുന്നുവെന്നറിഞ്ഞതു മുതൽ ശാന്തിപുരത്തെ ജനങ്ങളെ ഉണർത്താനായതുകൊണ്ടാണ് ഉജ്ജ്വലമായ ഒരു വിജയത്തിന്റെ അവകാശികളാകാ




# ശാന്തിപുരത്തെ സമരവഴികൾ

കൊടുങ്ങല്ലൂരിന് നാല് കിലോമീറ്റർ വടക്ക് എൻ.എച്ച്-17 ൽ ശാന്തിപുരത്തുള്ള കല്ലട റസിഡൻസിക്കെതിരായിരുന്നു 2007 ജനുവരിയിൽ സമരം ആരംഭിച്ചത്.

വിളയോടി വേണുഗോപാൽ, പെരുമാട്ടി ഗ്രാമപഞ്ചാടത്ത് പ്രസിഡന്റ് റിഷ പ്രേംകുമാർ, മുൻ പ്രസിഡന്റ് കൃഷ്ണൻ എന്നിവർ ഉദ്ഘാടനം ചെയ്ത ഈ സമരം ലോകത്തോട് വിളിച്ചു പറയുന്നത് സവിശേഷമായ ചില കാര്യങ്ങളാണ്. നിലവിലുള്ള തദ്ദേശവാസികൾക്കനുകൂലമായ നിയമപരിരക്ഷ പോലും ഉദ്യോഗസ്ഥ വ്യവസ്ഥാപിത രാഷ്ട്രീയ കൂട്ടുകെട്ട് ഒളിച്ചുവയ്ക്കുന്നു. സ്വസ്ഥ ജീവിതം ആവശ്യമുള്ളവർ സ്വയം മുന്നിട്ടിറങ്ങിയാലെ അതു നേടാനുള്ള നിയമപിന്തുണപോലും നടപ്പാക്കിയെടുക്കാനാകൂ.

ബാർ വരുന്നതിന് മുമ്പേ പണിയരുതേ എന്നും തുടർന്ന് ലൈസൻസ് കൊടുക്കരുതെന്നും നിവേദനങ്ങൾ, രക്തപ്രതിജ്ഞ, എക്സൈസ് ഓഫീസിലേക്കും കളക്ട്രേറ്റിലേക്കുമുള്ള മാർച്ചുകൾ, മദ്യമുതലാളിയുടെ വീട്ടിലേക്കുള്ള സ്ത്രീകളുടെ യാചനാ യാത്ര, സമരപന്തലിൽ കുത്തിയിരുപ്പ് എന്നിവയായിരുന്നു സമരമുറ.

വിജയമല്ലെങ്കിൽ മരണം എന്നായിരുന്നു മദ്യശാല വിരുദ്ധ കർമ്മ സമിതി സെക്രട്ടറി ഈസാബിൻ അബ്ദുൾ കരീമിന്റെ പ്രഖ്യാപനം. 2009 നവംബറിൽ മരണം വരെ നിരാഹാര സമരം പ്രഖ്യാപിച്ചു.

മേധാപട്കർ എക്സൈസ് മന്ത്രിക്ക് നേരിട്ട് നിവേദനം കൊടുത്തതും നൂറ് കണക്കിന് സമരത്തിൽ കുടുംബങ്ങൾ പങ്കാളികളായതും എക്സൈസ് കമ്മിഷണർ നേരിട്ട് സമരപന്തലിൽ എത്തി പരാതി കേട്ടതും 2010 ആഗസ്റ്റ് 7ന് മേധാപട്കർ തന്നെ സമര വിജയം പ്രഖ്യാപിക്കുന്നതും എല്ലാം മറ്റ് സമരങ്ങൾക്ക് മാതൃകയാകുന്നു.

നും അവരെ ഇടയാക്കിയത്.

ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയും പ്രധാനപ്പെട്ട രാഷ്ട്രീയപാർട്ടികളുടെ നേതാക്കളുമെല്ലാം മദ്യശാല നാട്ടിൻപുറത്ത് വരുന്നതിനനുകൂലമായിരുന്നു. സമരം വിഭാഗീയവും ദുരുപതിഷ്ടവുമാണെന്ന് സി പി എം, സി പി ഐ, കോൺഗ്രസ് അംഗങ്ങളായ മൂന്നുപേർ എക്സൈസ് ഓഫീസിൽ ചെന്ന് മൊഴി നൽകി. കൊടുങ്ങല്ലൂരിൽ കോടികൾ ഒഴുക്കാൻ തുടങ്ങിയിട്ടുള്ള മുസിരിസ് പൈതൃകത്തിന് കൊടുങ്ങല്ലൂരിലെ 11 ബാറുകൾക്ക് പുറമെ ശ്രീനാരായണപുരത്തും പഞ്ചായത്തിലെ ശാന്തിപുരത്തും ബാർഹോട്ടൽ വേണമെന്നായിരുന്നു ദേശീയപാർട്ടി പ്രതിനിധികളുടെ മൊഴി. പ്രദേശത്തെ 2 ഗ്രാമസഭകൾ അരുതെന്നു പറഞ്ഞിട്ടും 65 കുടുംബങ്ങൾ എക്സൈസ് ഓഫീസിൽ ചെന്ന് മദ്യശാല അരുതെന്ന് മൊഴി നൽകിയിട്ടും പ്രസ്തുത മൊഴികൾ ലൈസൻസിന്മേലുള്ള റിപ്പോർട്ടിൽ ഉദ്ധരിച്ചില്ല. എന്നാൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ 3 ദേശീയപാർട്ടി മെമ്പർമാരുടെ മദ്യശാലയുടെ പ്രാദേശികാവശ്യം അതുകൊണ്ട് നീതീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

ടൂറിസപ്രാധാന്യമോ കച്ചവടകേന്ദ്രങ്ങളോ റെയിൽവേ സ്റ്റേഷനോ ബസ് സ്റ്റാന്റോ ധാരാളമായി വന്നുപോകുന്ന പ്രദേശമോ അല്ലാത്ത ശാന്തിപുരം എന്ന ഗ്രാമീണ ഗാർഹികമേഖലയിൽ ബാർ ഹോട്ടൽ അനുവദിയ്ക്കരുതെന്ന് ശുപാർശ ചെയ്യുകയായിരുന്നു വേണ്ടിയിരുന്നത്. അങ്ങനെ ബാർഹോട്ടലിന്റെ പ്രാദേശികാവശ്യം നിരാകരിച്ച് വിദേശമദ്യ നിയമം 13 എ (1) ഉന്നയിക്കുന്നതിനു പകരം മദ്യം കൊടുത്ത് കുടിച്ചു തുടങ്ങിയാലേ പ്രാദേശികാവശ്യം തള്ളണമോ കൊള്ളണമോ എന്ന് പറയാനാകൂ എന്ന് മണ്ടൻ റിപ്പോർട്ടുകൾ നൽകുകയായിരുന്നു എക്സൈസ് ഭീകരന്മാർ.

അബ്കാരി നിയമത്തിൽ പലയിടങ്ങളിലായി പൊതുതാല്പര്യം വിശദീകരിക്കുന്നു.

ഒരു മദ്യശാല വരുന്നതുകൊണ്ട് തങ്ങളുടെ പ്രദേശത്തിന്റെ പ്രശാന്തത തകരുമെന്ന് ആ പ്രദേശത്തെ ജനങ്ങൾക്ക് തോന്നുകയും അവർ എതിർക്കുകയും ചെയ്താൽ ആ പ്രദേശത്ത് മദ്യശാല അനുവദിയ്ക്കരുതെന്ന നിയമസത്തയെയാണ് നാളിതുവരെ അഴിമതി വീരൻമാരായ എക്സൈസ് ഉദ്യോഗസ്ഥർ തുടർച്ചയായി ലംഘിച്ചുകൊണ്ടിരുന്നത്. ശാന്തിപുരം ജനത മദ്യത്തിനെതിരെയുള്ള പൊതുതാൽപര്യ നിയമങ്ങളെ പുറത്തെടുക്കുന്നതിൽ വിജയിച്ചിരിക്കുന്നു. മദ്യക്കടലിൽ മുങ്ങിത്താഴുന്നതിൽ നിന്നും മോചിപ്പിക്കുവാനാഗ്രഹിക്കുന്ന ജനങ്ങൾ കേരളത്തിലുടനീളം മദ്യനിയന്ത്രണനിയമങ്ങളെ നെഞ്ചിലേറ്റുക. നിയമം പാലിക്കാൻ തയ്യാറായ എക്സൈസ് കമ്മീഷണർ എസ് സുബ്ബയ്യയെയും ശാന്തിപുരം ജനതയെ അഭിനന്ദിക്കുക.

***ബന്ധങ്ങൾക്ക് : ശാന്തിപുരം മദ്യശാലാ വിരുദ്ധ കർമ്മ സമിതി, ശാന്തിപുരം പി.ഒ, തൃശൂർ – 680 668. ഫോൺ : 9497064356***